## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3275 11.05.2017- ൽ മറുപടിക്ക്**

## "വ്യവസായ പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് "

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കാൻ വ്യവസായ പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) & ബി) | ഉണ്ട്. കിൻഫ്രയുടെയും, കെ.എസ്.ഐ.ഡി.സി. യുടെയും താഴെപ്പറയുന്ന പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചുകൊണ്ട് 3/5/2017 -ലെ സ.ഉ.(എം.എസ്) നം. 29/2017/വ്യവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>1) കിൻഫ്രയുടെ മെഗാ ഫുഡ് പാർക്ക്, കോഴിപ്പാറ, പാലക്കാട്.<br>2) കിൻഫ്രയുടെ വ്യവസായ പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.<br>3) കിൻഫ്രയുടെ വ്യവസായ പാർക്ക്, കുറ്റിപ്പുറം, മലപ്പുറം.<br>4) കിൻഫ്രയുടെ വ്യവസായ പാർക്ക്, പുഴക്കൽപ്പാടം, തൃശ്ശൂർ.<br>5) കെ.എസ്.ഐ.ഡി.സി. യുടെ ബിസിനസ് പാർക്ക്, അങ്കമാലി, എറണാകുളം.<br>6) കെ.എസ്.ഐ.ഡി.സി. യുടെ ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്.<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ആസ്ഥാനം അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലാണ്. |
| ബി) | ഇതിന്റെ ആസ്ഥാനങ്ങൾ എവിടെയൊക്കയാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | | |
| സി) | ഓരോ ജില്ലയിലെയും വ്യവസായസംരഭകർ ഏത് വ്യവസായ പാർക്കുകളിലാണ് അപേക്ഷ കൊടുക്കേണ്ടത്; പൂർണ്ണ വിവരം വിശദമാക്കാമോ; | സി) | വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള എല്ലാ വ്യവസായ പാർക്കുകളും കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് നിയമം അനുസരിച്ച് ജില്ലാ ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. വ്യവസായ എസ്റ്റേറ്റുകളുടെ ലൈസൻസും ക്ലിയറൻസുകളും |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വിഷയം ജില്ലാ ബോർഡിന് പരിഗണിക്കാവുന്നതാണ്. ഓരോ ജില്ലയിലെയും വ്യവസായ സംരംഭകർ അപേക്ഷ നൽകേണ്ടത് അതാത് ജില്ലാ ബോർഡിന്റെ കൺവീനർക്കാണ്. |
| ഡി) | ഏകജാലക ക്ലിയറൻസ് ബോർഡിലെ മെമ്പർമാർ ആരൊക്കെയാണ്; ഏതൊക്കെ വകുപ്പുകൾ ഒത്തുചേർന്നാണ് ബോർഡിന് രൂപം നൽകിയിരിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഡി) | 1999 -ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് പ്രകാരം സംസ്ഥാന ബോർഡ് മെമ്പർമാർ താഴെപ്പറയുന്നവരാണ്.<br>1) ഗവൺമെന്റ് ചീഫ് സെക്രട്ടറി (ചെയർമാൻ)<br>2) വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശ സ്വയംഭരണം, റവന്യൂ, നികുതി, ജിലസേചനം, ഊർജ്ജം, വനം എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ<br>3) കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ<br>4) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ (കൺവീനർ)<br>5) വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ<br>6) കേരള സംസ്ഥാന വ്യവസായ ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ<br>7) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചെയർമാൻ<br>8) കേരള ധനകാര്യ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ<br>9) ചീഫ് ടൗൺപ്ലാനർ<br>10) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ<br>11) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ<br>12) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ<br>13) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ<br>14) ആരോഗ്യ വകുപ്പ് ഡയറക്ടർ<br>3/5/2017 -ലെ സ.ഉ.(കൈ) നം. 29/2017/വ്യവ പ്രകാരം കിൻഫ്രയുടെയും, കെ.എസ്.ഐ.ഡി.സി. യുടെയും പാർക്കുകളിൽ രൂപീകരിച്ച ഏകജാലക ക്ലിയറൻസ് ബോർഡിൽ താഴെപ്പറയുന്ന മെമ്പർമാരാണ് ഉള്ളത്. |

| | | | |
|---|---|---|---|
| | | | 1) അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് (ചെയർമാൻ)<br>2) മാനേജിംഗ് ഡയറക്ടർ, കിൻഫ്ര/ കെ.എസ്.ഐ.ഡി.സി (പാർക്കിന്റെ നിയുക്ത അധികാരസ്ഥൻ)(കൺവീനർ)<br>3) ബന്ധപ്പെട്ട ജില്ലാ കളക്ടർ<br>4) ബന്ധപ്പെട്ട ജില്ലാ ഓഫീസർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്<br>5) ബന്ധപ്പെട്ട ജില്ലാ ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.<br>6) ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ<br>7) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)<br>8) എക്സിക്യൂട്ടീവ് എൻജിനീയർ, ബന്ധപ്പെട്ട ജില്ലാതല ഇലക്ട്രിക്കൽ ഡിവിഷൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.<br>9) ബന്ധപ്പെട്ട ജില്ലാ ഓഫീസർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്.<br>10) ബന്ധപ്പെട്ട ഡിവിഷണൽ ഓഫീസർ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്.<br>11) ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ<br>12) ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർ<br>13) ഡെപ്യൂട്ടി കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്.<br>14) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ, പബ്ലിക് ഹെൽത്ത് ജില്ലാതല ഡിവിഷൻ.<br>15) വ്യവസായ പാർക്കിന്റെ നിയുക്ത അധികാരി |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കിൻഫ്രയുടെയും, കെ.എസ്.ഐ.ഡി.സിയുടെയും പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (ജി) വകുപ്പ്

**സ.ഉ.(എം.എസ്) നം.29/2017/വ്യവ.** **തീയതി, തിരുവനന്തപുരം, 03.05.2017**

പരാമർശം:-

1. കിൻഫ്ര എം.ഡി.യുടെ 12/7/2016 ലെ KIN-V/KMFP/1/2016-17/137, 27/1/2017 ലെ KIN/KIP/KSO/SW/2016-17 നമ്പർ കത്തുകൾ.
2. കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടറുടെ 30/1/2017 ലെ കത്ത്
3. 26/4/2017 ലെ മന്ത്രിസഭാ യോഗ തീരുമാനം.

**ഉത്തരവ്**

കിൻഫ്ര മെഗാഫുഡ് പാർക്കിന്റെ കൈവശമുള്ള പാലക്കാട് ജില്ലയിലെ 3214.23 ആർ ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്നതിനും പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിലേക്കായി ഒരു ഏകജാലക സംവിധാനം തുടങ്ങുന്നതിനും കോഴിക്കോട്, കുറ്റിപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിലെ വ്യവസായ പാർക്കുകൾക്കുകൂടി ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതിനും പരാമർശ കത്തുകൾ പ്രകാരം കിൻഫ്രയുടെ മാനേജിങ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. ഇതിനു പുറമെ അങ്കമാലി ബിസിനസ് പാർക്ക്, പാലക്കാട് ലൈറ്റ് എഞ്ചിനീയറിങ് ഇൻഡസ്ട്രിയൽ പാർക്ക് എന്നിവക്കും ഏകജാലക സംവിധാനം രൂപീകരിക്കുന്നതിനുള്ള ശുപാർശ കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടറും സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺ ഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് സെക്ഷൻ 2(f) പ്രകാരം കിൻഫ്രയുടെ മെഗാഫുഡ് പാർക്ക്, കോഴിപ്പാറ, പാലക്കാട്; വ്യവസായ പാർക്ക്, രാമനാട്ടുകര, കോഴിക്കോട്; വ്യവസായ പാർക്ക്, കുറ്റിപ്പുറം, മലപ്പുറം; വ്യവസായ പാർക്ക്, പുഴക്കൽപ്പാടം, തൃശ്ശൂർ; കെ.എസ്.ഐ.ഡി.സി.യുടെ ബിസിനസ് പാർക്ക്, അങ്കമാലി, എറണാകുളം; ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്എന്നീ പാർക്കുകളെ വ്യാവസായിക പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശയും പ്രസ്തുത ആക്ടിലെ സെക്ഷൻ 5 പ്രകാരം ടി പാർക്കുകളിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശയും തത്ത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

(എ) അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് (ചെയർമാൻ)

(ബി) മാനേജിംഗ് ഡയറക്ടർ, കിൻഫ്ര/കെ.എസ്.ഐ.ഡി.സി (പാർക്കിന്റെ നിയുക്ത അധികാരസ്ഥൻ) (കൺവീനർ)

(സി) ബന്ധപ്പെട്ട ജില്ലാ കളക്ടർ

(ഡി) ബന്ധപ്പെട്ട ജില്ലാ ഓഫീസർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

(ഇ) ബന്ധപ്പെട്ട ജില്ലാ ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്

(എഫ്) ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ

(ജി) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

(എച്ച്) എക്സിക്യൂട്ടീവ് എൻജിനീയർ, ബന്ധപ്പെട്ട ജില്ലാതല ഇലക്ട്രിക്കൽ ഡിവിഷൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

(ഐ) ബന്ധപ്പെട്ട ജില്ലാ ഓഫീസർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

(ജെ) ബന്ധപ്പെട്ട ഡിവിഷണൽ ഓഫീസർ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്

(കെ) ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(എൽ) ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർ

(എം) ഡെപ്യൂട്ടി കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്

(എൻ) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ, പബ്ലിക് ഹെൽത്ത് ജില്ലാതല ഡിവിഷൻ

(ഒ) വ്യവസായ പാർക്കിന്റെ നിയുക്ത അധികാരി

1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺ ഷിപ്പ് ഏരിയ ഡവലപ്മെന്റ് നിയമത്തിലെ 2(f), 5 എന്നീ വകുപ്പുകൾ പ്രകാരം ഓരോ പാർക്കിനെയും മേൽപ്പറഞ്ഞ നിയമ പ്രകാരം വിജ്ഞാപനം ചെയ്യുന്നതിന് ഓരോ സ്ഥാപനവുമായി ബന്ധപ്പെട്ട ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരണ വിജ്ഞാപനം സംബന്ധിച്ചും മേൽപ്പറഞ്ഞ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള കരട് വിജ്ഞാപനത്തിനാവശ്യമായ ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള വിജ്ഞാപനത്തിന്റെ കരട് കിൻഫ്ര/ കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർമാർ സമർപ്പിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**പോൾ ആന്റണി**
**അഡീഷണൽ ചീഫ് സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി., തിരുവനന്തപുരം
നിയമ (നിയമനിർമ്മാണ-സി) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ